

# വായനക്കാരുടെ കത്തുകൾ/പ്രതികരണങ്ങൾ

## ഗാന്ധിഭക്തരെ, തവളയ്ക്ക് എന്താണ് അയോഗ്യത?

മണ്ണെഴുത്ത് 2008-09 ലെ സർവ ശിക്ഷാ അഭിയാൻ സ്കൂൾ കുട്ടികൾക്ക് തയ്യാറാക്കിയ പുസ്തകത്തിൽ പേജ് 57ൽ ഗാന്ധിജിയുടെ തലക്ക് പകരം ഒരു നല്ല തവള ചാടിക്കയറിയിരുന്നതിൽ ഈ മഹാരാജ്യത്തിലെ സകലമാനകോൺഗ്രസുകാരും ചില ഗാന്ധിഭക്തരും പ്രതിഷേധവും രോഷവും പ്രകടിപ്പിച്ചിരുന്നുവല്ലോ? എന്തായിരുന്നു തവളക്ക് കുഴപ്പം?




എന്താണ് ഈ നല്ല തവളക്ക് അയോഗ്യത? സാങ്കേതികകാരണങ്ങളാൽ പുസ്തകത്തിൽ ചിത്രം തെറ്റി ചേർത്തതായിരുന്നുവെന്ന് കണ്ടെത്തിയെങ്കിലും തവള ഒരുപാട് ചിന്തക്ക് വകനൽകി. തവള ഒരു ഉഭയജീവിയാകുന്നു. തവളക്കാല് രുചികരമായ ഭക്ഷണമാണെന്ന് ചിലർ പറഞ്ഞേക്കാം. എന്നാൽ പ്രകൃതിയിൽ ഒട്ടേറെ ജീവജാലങ്ങൾക്ക് അനേകം ഉപകാരങ്ങൾ നൽകുന്ന വെള്ളത്തിലും കരയിലും കഴിയുന്ന നമ്മുടെ ക്രോ...ക്രോ...ക്രോ... മറ്റു ചിലർക്ക് ഇപ്പോഴും കയറ്റുമതിക്കും വിദേശനാണ്യം കൊയ്യാനുമുള്ള വിലപിടിപ്പുള്ള ഒരു വസ്തുവാണ്. ഗാന്ധിയെപ്പോലെ പണ്ടൊരിക്കൽ ഡൽഹിയിൽ രാജ്ഘട്ടിൽ ഗാന്ധിസമാധിക്കരികിൽ അമേരിക്കൻ പട്ടിയോടൊപ്പം ആ നാട്ടിലെ പ്രസിഡണ്ട് വന്നതിൽ പവിത്രമായ ഗാന്ധി സമാധി പട്ടി തൊട്ട് അശുദ്ധമാക്കിയെന്ന് ആരോപിച്ച് എന്ത് ഹാലിളക്കമായിരുന്നു. എന്തായിരുന്നു അതിൽ അപമാനകരമായിട്ടുള്ളത്. ഗാന്ധിയൻദർശനങ്ങളും പ്രായോഗിക പരിപാടികളും പൂർണമായും ഉപേക്ഷിക്കുകയും അവരുടെ ആന്തരിക സത്ത വ്യഭിചരിക്കുകയും ചെയ്തവർക്ക് ഈ 'ഗാന്ധിവധത്തിൽ' എന്ത് ധാർമികരോഷം. സ്വാശ്രയത്വം, സ്വാതന്ത്ര്യം, ജനാധിപത്യം, അഹിംസ തുടങ്ങിയ അടിസ്ഥാനങ്ങളിൽ ഊന്നിയ ഒരു വികസനസങ്കൽപ്പം പൂർണമായി കയ്യൊഴിഞ്ഞു കൊണ്ടിരിക്കുന്ന ഒരു രാഷ്ട്രീയ നേതൃത്വമാണ് ഭാരതത്തിൽ നമുക്കിപ്പോൾ കാണാനാകുന്നത്. അതൊക്കെ പോട്ടെ, നമുക്ക് തവളയിലേക്ക് വരാം, ഒപ്പം പട്ടിയിലേക്കും. ഒരാൾ മോശപ്പെട്ട് പെരുമാറിയാൽ നാം മൃഗീയമെന്ന് പറയുന്നു. എന്നാൽ വാസ്തവത്തിൽ മനുഷ്യരല്ലേ പ്രശ്നങ്ങൾ ഉണ്ടാക്കുന്നത്. സ്വന്തം കുലത്തിനും സഹജീവികൾക്കും ഇത്രയധികം ദുരന്തങ്ങൾ സമ്മാനിക്കുന്ന ഈ മനുഷ്യർക്ക് പട്ടികളെയും തവളകളെയും അവഹേളിക്കാൻ എന്താണ് അർഹത. ലോകമേ തറവാട്, തനിക്കീ ചെടികളും പുൽക്കളും പുഴുകളും കൂടി തൻ കുടുംബക്കാർ എന്ന് ഗാന്ധിജിയെകുറിച്ച് വള്ളത്തോൾ പാടിയത് വസുധൈവകുടുംബകം എന്ന മഹത്തായ ഭാരതീയ സംസ്കാരത്തിന്റെ വിശദർശനം ഉൾകൊണ്ടുതന്നെയാണ്. അത് ഉൾകൊള്ളാതെപോയത് കോൺഗ്രസിന്റെയും രാഷ്ട്രീയത്തിന്റെയും പ്രശ്നമാണ്, നമ്മുടെ കഷ്ടകാലവും.

നിലനിൽപ്പും പരിസ്ഥിതി സൗഹൃദവും ജീവന്റെ സ്ഥായിഭാവവുമുള്ള ഒരു അടിസ്ഥാന വിദ്യാഭ്യാസം എന്നാണ് നമുക്ക് ലഭിക്കുക? എന്തായാലും മണ്ണെഴുത്ത് തയ്യാറാക്കിയതിന്റെ പിന്നിൽ പ്രവർത്തിച്ചവരെ അഭിനന്ദിക്കാതെ വയ്യ. ഇപ്പോഴുള്ള കുട്ടികൾക്ക് നേരിൽ കാര്യങ്ങളറിയാൻ ഈ വഴിയെങ്കിലും ഉണ്ട്. ജീവന്റെയും ഭാവിയുടെയും ഉറപ്പ് ഇന്ന് കെട്ടിപ്പൊക്കുന്ന നശീകരണ വികസന പദ്ധതികളിലൂടെയല്ല മണ്ണും വെള്ളവും കൃഷിയും ആരോഗ്യവും മനസ്സും സംരക്ഷിക്കുന്നതിലൂടെയാണെന്ന് ഈ പുസ്തകം നമ്മെ ഓർമ്മപ്പെടുത്തുന്നു.

**വാണി വി.**, ബേഡകം, കാസർഗോഡ്

## ആണവോർജ്ജം പരിഹാരമോ...?

ഏതു സമയവും സർവ്വനാശം വിതയ്ക്കാവുന്ന, പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന അണുബോംബുകളാണ് ആണവ നിലയങ്ങൾ. സുനാമിയുണ്ടായപ്പോൾ കൽപ്പാക്കം ആണവനിലയം വൻ അപകടത്തിൽ നിന്നും രക്ഷപ്പെട്ടത് ഭാഗ്യം കൊണ്ടുമാത്രമാണ്. സുനാമിയും ഭൂകമ്പവും പോലുള്ള 'പ്രകൃതിപ്രതിഭാസങ്ങൾ' മനുഷ്യന്റെ നിയന്ത്രണത്തിലല്ലല്ലോ. (ത്രീ മൈൽ ഐലന്റും (1979) ചെർണോബിലും (1986) നമുക്ക് മറക്കാതിരിക്കാം. ഈ ആണവ ദുരന്തങ്ങൾക്കു ശേഷം യു.എസ്സും റഷ്യയും കണ്ണ് തുറപ്പിക്കേണ്ടതാണ്.

വികസിത രാജ്യങ്ങളിലെ ആണവോർജ്ജ നിലയങ്ങൾ പരാജയമാണ്. ഇവർ ആണവോർജ്ജപദ്ധതികൾ പുനരവലോകനം ചെയ്യുകയാണ്. പുതിയ ആണവനിലയങ്ങൾ തുറക്കുന്നുമില്ല. യുറേനിയത്തിന്റെ ഏറ്റവും വലിയ വിതരണക്കാരായ ആസ്ട്രേലിയ പോലും ഒരു ആണവോർജ്ജപദ്ധതിക്ക് തുടക്കമിട്ടിട്ടില്ല. ഇന്ത്യ-അമേരിക്ക ആണവകരാറിന്റെ കാര്യത്തിന്റെ ഇടതുപാർട്ടികൾ കൈക്കൊണ്ട നിലപാട് അഭിനന്ദനീയമാണ്. എന്നാൽ ആണവോർജ്ജമേ വേണ്ട എന്നുപറയാൻ മാത്രം ഇടതുപക്ഷം വളർന്നുകാണില്ല.

ആണവോർജ്ജ നിലയങ്ങളിലെ റേഡിയോ ആക്ടീവ് അവശിഷ്ടങ്ങൾ എങ്ങനെ നിർമ്മാർജ്ജനം ചെയ്യും എന്നതിന് 'ശാസ്ത്ര'ത്തിന് ഉത്തരമില്ല. ആണവ നിലയങ്ങളുടെ ഉൽപ്പാദിപ്പിക്കാത്ത സമയത്ത് റിയാക്ടർ പ്രവർത്തന സജ്ജമാക്കി നിലനിർത്താൻ ഗ്രിഡിൽ നിന്നുമുള്ള വൈദ്യുതി ആവശ്യമാണ്. ഈ ഭീകര നിലയങ്ങളുടെ നിർമ്മാണത്തിനും പ്രവർത്തനത്തിനും ഡീകമ്മീഷൻ ചെയ്യുന്നതിനും നാം നൽകേണ്ടിവരുന്ന വില വളരെ വലുതാണ്. ഉൽപ്പാദിപ്പിക്കുന്നതിനേക്കാൾ ഏറെ ഊർജ്ജം തിന്നുന്ന ആണവനിലയങ്ങൾ ഊർജ്ജ പ്രതിസന്ധിക്ക് പരിഹാരമുണ്ടാവുന്നതെങ്ങനെ?. ഏതു രാജ്യവുമായുള്ള ആണവ കരാറും ശക്തമായി എതിർക്കപ്പെടേണ്ടതാണ്.

**വിജിത്ത് വി.സി.**, കണ്ണപുരം, കണ്ണൂർ